# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3644 20.10.2016-ലെ മറുപടിക്ക്

## ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക - അനധ്യാപക തസ്തിക നിർണ്ണയം

| ചോദ്യം<br>ശ്രീ.എം.നൗഷാദ് | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2014-15 അധ്യയന വർഷത്തിൽ അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിലെയും/ബാച്ചുകളിലെയും അധ്യാപക - അനധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | ഹയർ സെക്കന്ററി സ്കൂളുകളിലെ അധിക ബാച്ചുകളിലേയ്ക്കുള്ള അധ്യാപക - അനധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തി ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. എന്നാൽ പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള അധ്യാപക - അനധ്യാപകമാരുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | 10.02.2016 -ലെ ക്യാബിനറ്റ് തീരുമാനം (നമ്പർ-2635) നടപ്പാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലി ഭാരം പുനഃരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പിരീയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ട പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | അധിക ബാച്ച് പ്ലസ് ടു അനുവദിക്കപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ രണ്ട് വർഷമായി ജോലി ചെയ്യുന്ന അധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ അദ്ധ്യാപകരുടെ അംഗീകാരവും ശമ്പളവും സംബന്ധിച്ച കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**